# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.177/2025** **തിരുവനന്തപുരം, തീയതി: 11.08.2025**

# പത്രക്കുറിപ്പ്

## കേരളസർവകലാശാല
## ഒന്നാം വർഷ ബിഎഡ് പ്രവേശനം 2025 – 26
## ഒന്നാം വർഷ ബിഎഡ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള (ജനറൽ, കെ.യു.സി.റ്റി.ഇ മാനേജ്മെന്റ് ക്വാട്ട, സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കും രണ്ടാംഘട്ട സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 16 ന്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ, സ്വാശ്രയകോളേജുകൾ എന്നിവയിലേക്കുള്ള ഒന്നാം വർഷ ബി.എഡ് കോഴ്സുകളിലെ ഒഴിവുള്ള ജനറൽ, കെ.യു.സി.റ്റി.ഇ മാനേജ്മെന്റ് ക്വാട്ട, സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്ക് സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് **16** ന് ഇ.എം.എസ് ഹാൾ കാര്യവട്ടത്ത് വച്ച് നടത്തുന്നതാണ്. രജിസ്ട്രേഷൻ സമയം രാവിലെ **8.30** മണി മുതൽ **10** മണി വരെയാണ്, സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ **10** മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം **(authorization letter)** നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്. നിലവിൽ അഡ്മിഷൻ ഉള്ള വിദ്യാർത്ഥികളെ ഈ സ്പോട്ട് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ അസ്സൽ മാർക്ക് ലിസ്റ്റുകളും യോഗ്യതയും ജാതിയും (നോൺക്രീമിലെയർ, കമ്മ്യൂണിറ്റി, ഇ.ഡബ്ല്യൂ.എസ്, വരുമാനം, ഭിന്നശേഷി - **more than 40%)** തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും കൈവശം കരുതണം. ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്പോട്ട് അലോട്ട്മെന്റ് സമയത്ത് ഹാജകരാക്കേണ്ടതാണ്. ഇതര സർവകലാശാലകളിൽ നിന്നും ഡിഗ്രി/പി ജി പൂർത്തിയാക്കിയ വിദ്യാർത്ഥികൾ പ്രസ്തുത കോഴ്സുകൾ ബിഎഡ് പഠനത്തിന് കേരള സർവകലാശാല അംഗീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഒരു കോളേജിലെ ഏതെങ്കിലും കോഴ്സുകളിൽ ഒഴിവ് വരുന്ന പക്ഷം അതേ കോളേജിലെ മറ്റു കോഴ്സുകളിലേക്ക് സീറ്റ് കൺവെർഷൻ നടത്തി ഇൻഡക്സ് മാർക്കിന്റെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് പ്രക്രിയ പൂർത്തിയാക്കുന്നതാണ്. അഡ്മിഷൻ സംബന്ധിച്ചുള്ള അതാതു സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും **(https://admissions.keralauniversity.ac.in)** ശ്രദ്ധിക്കേണ്ടതാണ്. ഹെൽപ്പ് ലൈൻ നമ്പർ : **8281883053 (Whatsapp also)**. ഇമെയിൽ : **bedadmission@keralauniversity.ac.in**.

# കേരളസർവകലാശാല
# ഒന്നാം വർഷ എംഎഡ് പ്രവേശനം - 2025
# ജനറൽ/കമ്മ്യൂണിറ്റി ക്വാട്ട/എസ്.സി/എസ്.ടി/ഭിന്നശേഷി വിഭാഗക്കാർ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് 14/08/2025 ന് സ്പോട്ട് അലോട്ട്മെന്റ്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ കോളേജുകളിലെ ഒന്നാം വർഷ എംഎഡ് കോഴ്സിലേയ്ക്ക് 14/08/2025 - ന് ഗവ. കോളേജ് ഓഫ് ടീച്ചേർസ് എഡ്യൂക്കേഷൻ, തൈക്കാട്, തിരുവനന്തപുരം വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നതാണ്. വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട്, യോഗ്യത തെളിയിക്കുന്ന മാർക്ക് ലിസ്റ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ് **(for candidates of other Universities)**, **EWS** സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് **(for Differently Abled Candidates)**, മറ്റ് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ഏതെങ്കിലും കാരണത്താൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം **(authorization letter)** നൽകി പ്രതിനിധിയെ അയക്കാവുന്നതാണ്. നിലവിൽ സർവകലാശാല അഡ്മിഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരെ, റാങ്ക് ലിസ്റ്റിലെ വിദ്യാർത്ഥികളെ പരിഗണിച്ചതിനു ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്. അഡ്മിഷൻ ലഭിക്കുന്ന വിദ്യാർഥികൾ എല്ലാ അസൽ രേഖകളുമായി 14/08/2025 തീയതിയിൽ അതാത് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടതാണ്.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലക്ക് കീഴിൽ കാര്യവട്ടം കാമ്പസ്സിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ (ഐ.എം.കെ), സി.എസ്.എസ് സ്ട്രീമിൽ എം.ബി.എ ജനറൽ (ഈവനിംഗ് - റെഗുലർ) (2025-27 ബാച്ച്) പ്രവേശനത്തിന് എംബിഎ (ജനറൽ) (ഈവനിംഗ് റെഗുലർ) OPEN CATEGORY – 6, SEBC – Ezhava – 2, SEBC – Muslim – 2, SEBC – OBH – 1, SEBC - SIUC/LC/OBX – 1, BPL (EWS) – 3, SC – 5, ST – 1 ഒഴിവുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇൻഡസ്ട്രി/സർവീസ് സെക്ടറിൽ കുറഞ്ഞത് രണ്ട് വർഷത്തെ പ്രവൃത്തി പരിചയം ഉള്ള ബിരുദധാരികൾക്ക് പങ്കെടുക്കാവുന്നതാണ്. താൽപ്പര്യം ഉള്ളവർ യോഗ്യത തെളിയിക്കുന്ന രേഖകളുമായി 2025 ആഗസ്റ്റ് 16 (ശനിയാഴ്ച) 11 മണിക്ക് കേരളസർവകലാശാല കാര്യവട്ടം ക്യാംപസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ എത്തിച്ചേരേണ്ടതാണ്. സ്പോട്ട് അഡ്മിഷൻ രജിസ്ട്രേഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1000/- രൂപയും SC/ST വിഭാഗത്തിന് 500/- രൂപയുമാണ്.

## ഓണം അവധി

കേരളസർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളും/പഠനവിഭാഗങ്ങളും/ സെന്ററുകളും ഓണം അവധിക്കായി 2025 ആഗസ്റ്റ് 29 ന് വൈകുന്നേരം അടയ്ക്കുന്നതും ഓണം അവധിയ്ക്ക് ശേഷം 2025 സെപ്റ്റംബർ 9 ന് രാവിലെ തുറന്ന് പ്രവർത്തനം ആരംഭിക്കുന്നതുമാണ്.

## പുതുക്കിയ പരീക്ഷാകേന്ദ്രം

കേരളസർവകലാശാല നടത്തുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. കരിയർ റിലേറ്റഡ് (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി/മേഴ്സിചാൻസ്) ബിസിഎ (332), ബിഎസ്സി കമ്പ്യൂട്ടർ സയൻസ് (320), ബിബിഎ (195), ബിഎസ്സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (248), ആഗസ്റ്റ് 2025 ഡിഗ്രി പരീക്ഷകൾക്ക് കടയ്ക്കൽ പിഎംഎസ്എ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ ആയൂർ മാർത്തോമാ കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ പരീക്ഷ എഴുതേണ്ടതാണ്. വിദ്യാർത്ഥികൾ പുതുക്കിയ പരീക്ഷാകേന്ദ്രത്തിൽ നിന്നും ഹാൾടിക്കറ്റുകൾ കൈപ്പറ്റേണ്ടതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2025 ഏപ്രിൽ/മെയ് മാസങ്ങളിൽ നടത്തിയ അഞ്ച്, ആറ് സെമസ്റ്റർ ബിഎ ഇക്കണോമിക്സ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2025 ആഗസ്റ്റ് 18 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2024 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎസ്സി ഫിസിക്സ് (ന്യൂജെനറേഷൻ കോഴ്സ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2025 ആഗസ്റ്റ് 18 വരെ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2024 നവംബറിൽ നടത്തിയ ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽബി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2025 ആഗസ്റ്റ് 18 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2024 നവംബറിൽ നടത്തിയ ആറാം സെമസ്റ്റർ പഞ്ചവർഷ എംബിഎ (ഇന്റഗ്രേറ്റഡ്) (2015 സ്കീം – റെഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2025 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎ ഹിന്ദി ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എംഎസ്സി ജ്യോഗ്രഫി, സുവോളജി & കമ്പ്യൂട്ടർ സയൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2025 ആഗസ്റ്റ് 17 വരെ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ എംഎസ്സി ഫിസിക്സ് (ന്യൂജെനറേഷൻ കോഴ്സ്), ആഗസ്റ്റ് 2025 പരീക്ഷയ്ക്ക് പിഴകൂടാതെ 2025 ആഗസ്റ്റ് 14 വരെ ഓൺലൈനായി അപേക്ഷിക്കാം.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ എംസിഎ (മേഴ്സിചാൻസ് – 2020 അഡ്മിഷൻ - 2020 സ്കീം) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2025 ആഗസ്റ്റിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ എംസിഎ (റെഗുലർ - 2024 സ്കീം & സപ്ലിമെന്ററി – 2020 സ്കീം) പരീക്ഷയുടെ തിയറി & പ്രാക്ടിക്കൽ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. (www.keralauniversity.ac.in).

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബിഎസ്സി (റെഗുലർ - 2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി - 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2020 & 2021 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 & 2019 അഡ്മിഷൻ) പരീക്ഷയുടെ സൈക്കോളജി, കോംപ്ലിമെന്ററി കമ്പ്യൂട്ടർ സയൻസ്, മെഷീൻ ലേണിംഗ് പ്രാക്ടിക്കൽ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ പിജി (ന്യൂജെനറേഷൻ കോഴ്സുകൾ ഉൾപ്പെടെയുള്ള) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പരീക്ഷകൾ 2025 ആഗസ്റ്റ് 19 മുതൽ ആരംഭിക്കും. സി.എ. മാർക്കുകൾ (ഓൺലൈനായും ഹാർഡ് കോപ്പി/ ഉദ്യോഗാർത്ഥികളുടെ ഒപ്പോടുകൂടിയ സ്കാൻ ചെയ്ത കോപ്പി) സർവകലാശാല ഓഫീസിൽ സമർപ്പിക്കേണ്ട അവസാന തീയതി 2025 ഒക്ടോബർ 08. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2024 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിടെക് (2020 സ്കീം), 2024 ഒക്ടോബറിൽ നടത്തിയ കമ്പൈയ്ൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ ബിടെക് (2008 സ്കീം), 2024 ജൂണിൽ നടത്തിയ കമ്പൈയ്ൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ ബിടെക് (2013 സ്കീം) എന്നീ പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2025 ആഗസ്റ്റ് 12 മുതൽ 16 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ.VII സെക്ഷനിൽ ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**